**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4042** **15-07-2022 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ സംരംഭ പദ്ധതികളും സംരംഭക ഹെൽപ് ഡെസ്കും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ സൂക്ഷ്മ സംരംഭ പദ്ധതികൾ വിശദമാക്കാമോ; | (എ) | കുടുംബശ്രീ വനിതകൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധ പദ്ധതികൾ കുടുംബശ്രീ മുഖേന ആരംഭിച്ചിട്ടുണ്ട്.<br><br>1) റൂറൽ മൈക്രോ എന്റർപ്രൈസ് (RME)- ഗ്രാമ പ്രദേശങ്ങളിലെ 18 നും 60 വയസ്സിനും മദ്ധ്യേയുള്ള കുടുംബശ്രീ അംഗങ്ങളോ കുടുംബാംഗങ്ങളോ ആയ സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള പരിശീലനം, വായ്പ, പലിശ സബ്സിഡി എന്നിവ ഈ പദ്ധതി പ്രകാരം നൽകി വരുന്നു.<br><br>2) യുവശ്രീ പദ്ധതി - ഗ്രാമ പ്രദേശങ്ങളിലെ 18 നും 45 വയസ്സിനും മദ്ധ്യേയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള പരിശീലനം, വായ്പ, പലിശ സബ്സിഡി എന്നിവ ഈ പദ്ധതി പ്രകാരം നൽകിവരുന്നു.<br><br>3) പ്രത്യാശ പദ്ധതി - സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട (Vulnerable) കമ്മ്യൂണിറ്റിയിൽ ഉൾപ്പെടുന്ന ഭിന്നലിംഗക്കാർ, ട്രാൻസ്ജെൻഡർ, അതിക്രമങ്ങൾക്കിരയായവർ, വയോജനങ്ങൾ, കിടപ്പുരോഗികളുടെ ആശ്രിതർ, ആശ്രയ കുടുംബാംഗങ്ങൾ എന്നിവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ രൂപീകരിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് പ്രത്യാശ. ടി പദ്ധതിയുടെ ഭാഗമായി ഒരാൾക്ക് 50,000/- രൂപ വരെ സാമ്പത്തിക സഹായം ഗ്രാന്റായി നൽകുന്നു.<br><br>4)സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (SVEP): ഗ്രാമപ്രദേശങ്ങളിലെ ചെറുകിട |

| | | | |
|---|---|---|---|
| | | | സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കുന്നതിനുമായി ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് കീഴിലുള്ള ഉപപദ്ധതിയാണ് സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം. കുടുംബശ്രീ കുടുംബങ്ങളിൽ നിന്നും നിലവിൽ സംരംഭം ചെയ്യുന്നവരും പുതുതായി തുടങ്ങുവാൻ ആഗ്രഹിക്കുന്നവരും അടക്കമുള്ള സംരംഭകരെ കണ്ടെത്തി ആവശ്യമായ പരിശീലനങ്ങൾ, വായ്പ, മറ്റു സാങ്കേതിക പിന്തുണാ സഹായങ്ങൾ എന്നിവ ലഭ്യമാക്കി മികച്ച സംരംഭകരെ വാർത്തെടുക്കുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്<br><br>5) റീബിൽഡ് കേരള ഇനീഷ്യേറ്റീവ്- എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (RKI EDP): റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖേന സംസ്ഥാന സർക്കാരിന്റെ 100% സാമ്പത്തിക സഹായത്തോടെ കുടുംബശ്രീ നടപ്പിലാക്കുന്ന എസ്.വി.ഇ.പി മാതൃകയിലുള്ള ജീവനോപാധി പ്രോത്സാഹന പദ്ധതിയാണ് റീബിൽഡ് കേരള ഇനീഷ്യേറ്റീവ് എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് പ്രോഗ്രാം.<br><br>6)ദേശീയ നഗര ഉപജീവന മിഷൻ(NULM)- ടി പദ്ധതിയിൻ കീഴിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലോണുകൾക്ക് പലിശ സബ്സിഡി നൽകുന്നു. നഗര ദരിദ്രരായ സംരംഭകർക്കാണ് പ്രസ്തുത ആനുകൂല്യം നൽകുന്നത്. |
| (ബി) | തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പിലാക്കുന്ന സംരംഭക ഹെൽപ് ഡെസ്ക് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | 2022-23 സംരംഭക വർഷമായി കേരളാ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് തദ്ദേശ സ്വയംഭരണം, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ തുടക്കമിടുകയാണ്. ഇതിന്റെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഒരു ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും വ്യവസായ വകുപ്പ് നിയമിച്ചിട്ടുള്ള ഇന്റേണിന്റെ സേവനം ഈ ഹെല്പ് ഡെസ്കിൽ ആഴ്ചയിൽ മൂന്നു ദിവസം (തിങ്കൾ, ബുധൻ, ശനി) ലഭ്യമാക്കുന്നതുമാണ്.<br><br>**ഇന്റേൺസിന്റെ ചുമതലകൾ ചുവടെ പറയും പ്രകാരമാണ്.** |

1. എല്ലാ ഗ്രാമ പഞ്ചായത്തിലും നിർദ്ദേശിച്ച എണ്ണം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സംരംഭകരെ കണ്ടെത്തുന്നതിനുള്ള ചുമതല അതാത് പഞ്ചായത്തിലെ ഇന്റേണിനാണ്.

2. എല്ലാ പഞ്ചായത്തിലും ജനറൽ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കണം.

3. വിവിധ വകുപ്പുകളിൽ നിന്നും സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സേവനങ്ങൾ (ലൈസൻസ്, സാനിട്ടറി സർട്ടിഫിക്കറ്റ്, ഫുഡ് & സേഫ്റ്റി സർട്ടിഫിക്കറ്റ് തുടങ്ങിയവ)എന്തൊക്കെ ആണെന്ന് മനസ്സിലാക്കി സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക

4. സംരംഭം തുടങ്ങുന്നതിന് താത്പര്യവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് ഏറ്റവും അനുയോജ്യമായ സംരംഭം കണ്ടെത്തുന്നതിനുള്ള സഹായം നല്കുക.

5. ലക്ഷ്യം വയ്ക്കുന്നത്ര സംരംഭങ്ങൾ നടപ്പിൽ വരുത്തുന്നതിനായി ഭവന സന്ദർശനം, സാമ്പത്തിക സാക്ഷരത (Financial Literacy session) എന്നിവ നടത്തണം .

6. പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുമായി സഹകരിച്ച് പദ്ധതിക്ക് ആവശ്യമായ വിവരശേഖരണം നടത്തുക, ശില്പശാലകളിൽ മതിയായ സംരംഭകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

7. ജനറൽ ഓറിയന്റേഷൻ പ്രോഗ്രാം, ലോൺ / സബ്സിഡി/ലൈസൻസ് മേളകൾ എന്നിവ നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുക.

8. എല്ലാ തദ്ദേശ സ്ഥാപനതലത്തിലും രണ്ടാഴ്ചയിലൊരിക്കൽ ചേരുന്ന പ്രത്യേക ഭരണ സമിതി യോഗത്തിൽ പദ്ധതി പുരോഗതി / പ്രതിസന്ധി എന്നിവ സംബന്ധിച്ച വിവരങ്ങൾ അവതരിപ്പിക്കുകയും ആവശ്യമായ സഹായങ്ങൾ ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും സ്വീകരിച്ച് പരിഹരിക്കുക

9. പഞ്ചായത്തിൽ നിലവിൽ വിവിധ സംരംഭങ്ങൾ തുടങ്ങുന്നതിനായി ലൈസൻസ് അനുവദിച്ചിട്ടുള്ളവരുടെ വിവരശേഖരണം നടത്തി അവരുമായി ബന്ധപ്പെട്ട് ആവശ്യമെങ്കിൽ സഹായം നൽകുക.

| | | | |
|---|---|---|---|
| | | | 10. എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്, പട്ടികജാതി വികസന വകുപ്പ്, പിന്നോക്ക വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുക. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (സി) | പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി സംരംഭകത്വ വികസനവും നൈപുണ്യ വികസനവും ലക്ഷ്യമാക്കിയുള്ള സ്വയം തൊഴിൽ സംരംഭകർക്കുള്ള മാനദണ്ഡങ്ങൾ പതിനാലാം പഞ്ചവൽസര പദ്ധതിയുടെ സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ (28/05/2022 തീയതിയിലെ സ.ഉ.(കൈ) നം.115/2022/തസ്വഭവ) ഖണ്ഡിക 6.5.2(എ) -ൽ പരാമർശിച്ചിരിക്കുന്നു.<br><br>സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള മാനദണ്ഡങ്ങളും, തൊഴിൽദായക സംരംഭങ്ങൾക്കുള്ള മാനദണ്ഡങ്ങളും പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുമാനദണ്ഡങ്ങൾ താഴെ ചേർത്തിട്ടുള്ളതാണ്.<br><br>1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം.<br><br>2.പ്രവാസികൾക്ക് മുൻഗണന നൽകേണ്ടതാണ്.<br><br>3. മൂലധനത്തിനായി വായ്പയുൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതാണ്.<br><br>4. വായ്പാബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്.<br><br>5.വായ്പാബന്ധിതമല്ലായെങ്കിൽ സംരംഭം ആരംഭിച്ചതിന് ശേഷം 3 മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഗ്രാമ പഞ്ചായത്തുകളിൽ സി.ഡി.എസ്സ് സംവിധാനത്തിലെ ഒരു മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ വിലയിരുത്തലിനായി നിയോഗിക്കാവുന്നതും നഗര ഭരണ സ്ഥാപനങ്ങളിൽ മേൽപ്പറഞ്ഞ അംഗങ്ങൾക്ക് പുറമെ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറെക്കൂടി വിലയിരുത്തൽ സമിതിയിൽ ഉൾപ്പെടുത്താവുന്നതുമാണ്. |

| | | | |
|---|---|---|---|
| | | | വ്യക്തിഗത തൊഴിൽ സംരംഭകരിൽ ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ പരമാവധി ₹60,000/- (50%) രൂപയും പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർ, വനിതകൾ എന്നിവർക്ക് ₹90,000/- (75%) രൂപയും പരമാവധി സബ്സിഡിയായി അനുവദിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ